(ഇ) ഈ സർക്കാരിന്റെ കാലത്ത് ഇൻഡ്യൻ നേവിക്കുവേണ്ടി PBGM, EM LOG, ECHO SOUNDER, RTU എന്നിവ നിർമ്മിച്ചു നൽകുന്നതിന് 136.52 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) കഴിഞ്ഞ മൂന്നുവർഷത്തെ കമ്പനിയുടെ ലാഭം ചുവടെ ചേർക്കുന്നു:-

2007-08: 5.16 കോടി രൂപ ലാഭം.

2008-09: 4.66 കോടി രൂപ നഷ്ടം.

2009-10: 11.02 കോടി രൂപ ലാഭം.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

30 (*540) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്:
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി എന്നാണ് നിലവിൽ വന്നത് ; ഈ പദ്ധതിയുടെ പ്രയോജനം ഏതെല്ലാം ജില്ലകൾക്ക് ലഭിക്കുന്നു ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ കനാലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത് ; വ്യക്തമാക്കാമോ ;

(സി) ഇതിനോടകം എത്ര കിലോമീറ്റർ നീളത്തിൽ കനാലുകൾ നിർമ്മിച്ചു ;

(ഡി) ശേഷിക്കുന്ന ഭാഗം കനാലിന്റെ നിർമ്മാണം എന്നു പൂർത്തീകരിക്കാൻ കഴിയും ; ആയതിലേക്ക് വേണ്ടിവരുന്ന തുകയെത്രയാണ് ;

(ഇ) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര തുക നീക്കിവച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി: (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) 1974-ലാണ് മൂവാറ്റുപുഴവാലി ജലസേചന പദ്ധതി നിലവിൽ വന്നത്. എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകൾക്ക് പ്രയോജനം ലഭിക്കുന്നു.

(ബി) 65.34 കിലോമീറ്റർ നീളത്തിൽ ഇടതുവലതു പ്രധാന കനാലുകളും 57.154 കിലോമീറ്റർ നീളത്തിൽ ശാഖാ കനാലുകളും 245.692 കിലോമീറ്റർ നീളത്തിൽ ഉപകനാലുകളും നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത്.

(സി) ഇടതുവലതുകര പ്രധാന കനാലുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

49.129 കിലോമീറ്റർ നീളത്തിൽ ശാഖാ കനാലുകളും 175.07 കിലോ മീറ്റർ നീളത്തിൽ ഉപകനാലുകളും നിർമ്മിച്ചിട്ടുണ്ട്.

(ഡി) 2011 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു. 96.42 കോടി രൂപ ആവശ്യമായി വരും. (2009 എസ്.ഒ.ആർ.പ്രകാരം)

(ഇ) 27 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എ.ഐ.ബി.പി.പ്രവൃത്തികൾ 19.047 കോടി രൂപ.

നോൺ എ.ഐ.ബി.പി. പ്രവൃത്തികൾ 2.57 കോടി രൂപ.

എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ 5.383 കോടി രൂപ.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പകർച്ചവ്യാധി നിയമങ്ങൾ

1 (4868) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളും പകർച്ചപ്പനികളും പടർന്നു പിടിക്കുമ്പോൾ അവയെ നേരിടുന്നത് സംബന്ധിച്ച് കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന നിയമങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ബി) പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ, പകർച്ചവ്യാധികൾ, പകർച്ചപ്പനികൾ എന്നിവ തടയുന്നതിന് പര്യാപ്തമാണോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമങ്ങൾ കാലോചിതമായി മാറ്റം വരുത്തുന്നതിന് സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) അവയിൽ ഏതെല്ലാം വ്യവസ്ഥകളാണ് മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) ഇത് സംബന്ധിച്ച് കരട് ബില്ലുകൾ എന്തെങ്കിലും തയ്യാറാക്കിയോ ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പഴയ തിരുവിതാംകൂർ-കൊച്ചി മേഖലയിൽ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവും, മലബാർ മേഖലയിൽ മദ്രാസ് പൊതുജനാരോഗ്യ നിയമവുമാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

(ബി) തിരു-കൊച്ചി പൊതുജനാരോഗ്യ നിയമത്തിലേയും മദ്രാസ് പൊതുജനാരോഗ്യ നിയമത്തിലേയും വ്യവസ്ഥകൾ പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly